I/58460/2024

കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം - 695001
ഫോൺ: 0471-2330558, 0471-2331104
Email:cei.kerala@kerala.gov.in
celkerala@gmail.com
Website: www.celkerala.gov.in

भारतीय मानक ब्यूरो IS 15700
BUREAU OF INDIAN STANDARDS SQMS
An IS 15700 : 2018 Certified Department

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടിക്രമം**
**ഹാജർ : വിനോദ്.ജി**

| | | |
|---|---|---|
| വിഷയം: | | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനക്കാര്യം - ഹെഡ് ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം, സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| പരാമർശം: | 1 | ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 14/05/2024 ലെ സി.ഇ.ഐ/1394/2024-ഇ2 നമ്പർ ഉത്തരവ്. |
| | 2 | കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി. കൺസപ്റ്റ ഏണസ്റ്റ്-ന്റെ 18/01/2024 ലെ അപേക്ഷ. |
| | 3 | ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 07/08/2023 ലെ സി.ഇ.ഐ/4845/2023-ഇ3 നമ്പർ ഉത്തരവ്. |

**ഉത്തരവ് നമ്പർ : സിഇഐ/1394/2024-ഇ2 തീയതി :** 12-06-2024

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പരാമർശം (1) ഉത്തരവ് പ്രകാരം എറണാകുളം ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി. ജയ്നറ്റ്.എ.മാത്യു-ന് ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച് വയനാട് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ച സാഹചര്യത്തിൽ എറണാകുളം ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ 24/05/2024 മുതൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ടി ഒഴിവിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് പരാമർശം (2) പ്രകാരം കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി. കൺസപ്റ്റ ഏണസ്റ്റ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലാ കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് തസ്തികയും 01/06/2024 മുതൽ വിരമിക്കൽ മൂലം ഒഴിഞ്ഞു കിടക്കുകയാണ്. ടി ഓഫീസിന്റെ സുഗമമായ പ്രവർത്തനം മുൻനിർത്തിയുള്ള അടിയന്തിര സാഹചര്യം കണക്കിലെടുത്ത് കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി. കൺസപ്റ്റ ഏണസ്റ്റ് (പെൻ:252704) നെ എറണാകുളം ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലേക്ക് ഉടൻ പ്രാബല്യത്തിൽ സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. സ്ഥലംമാറ്റം ടിയാളുടെ അപേക്ഷ പ്രകാരമായതിനാൽ യഥാർത്ഥ യാത്രാസമയത്തിന് മാത്രമേ ടിയാൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

ശ്രീമതി. കൺസപ്റ്റ ഏണസ്റ്റ്-ന് സ്ഥലംമാറ്റം നൽകുന്നതുമൂലം കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ നിലവിൽ വരുന്ന ഒഴിവിലേക്ക് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച സീനിയർ ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ഏറ്റവും സീനിയർ ആയിട്ടുള്ള പാലക്കാട് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ

സീനിയർ ക്ലർക്ക് (ഹയർ ഗ്രേഡ്) ശ്രീ. ഗിരീഷ്.സി.എസ് (പെൻ:274890) നെ **39300-83000/-** രൂപ ശമ്പള നിരക്കിൽ ഹെഡ് ക്ലർക്ക് ആയി റെഗുലർ സ്ഥാനക്കയറ്റം നൽകി കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു. ഹെഡ് ക്ലാർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി നിയമിക്കപ്പെട്ട ടിയാൻ ഹെഡ് ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷ കാലയളവിനുള്ളിൽ ഒരു വർഷത്തെ പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തീകരിക്കേണ്ടതാണ്.

ഈ ഉത്തരവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള നമ്പർ OP(KAT) 44/2018 കേസിലെ അന്തിമവിധിക്ക് വിധേയമായിരിക്കുന്നതാണ്.

Signed by Vinod G
Date: 12-06-2024 18:05:17

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മേലധികാരികൾ മുഖേന)

1. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, എറണാകുളം
2. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, കോഴിക്കോട്
3. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, പാലക്കാട്
4. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ഭരണ വിഭാഗം)
5. ഇ3 സെക്ഷൻ
6. ഔദ്യോഗിക വെബ് സൈറ്റ്
7. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
8. കരുതൽ/അധികം